ഡിസംബർ 2025

GREGORIAN

മരുഭൂമിയിലെ പരുമല

ST. GREGORIOS ORTHODOX CHURCH SHARJAH

PARISH BULLETIN

ESTD : 1979 Vol 12/2025

DECEMBER 2025 / Pages 8





# "ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം"

ക്രിസ്തുമസ് ലോകമെമ്പാടുമുള്ള മനുഷ്യരെ സന്തോഷത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഒരു വലിയ പെരുന്നാളാണ്. യേശുക്രിസ്തുവിന്റെ പിറവി ആഘോഷിക്കുന്ന ഈ ദിവസം മതപരമായ അതിർത്തികൾക്ക് അപ്പുറത്ത് മനുഷ്യരുടെ ഹൃദയത്തിൽ കരുണ, സ്നേഹം, പങ്കിടൽ, സമാധാനം എന്നീ മൂല്യങ്ങൾ കൂടി പിറക്കണം. മനുഷ്യരുടെ മനസ്സിനെ പുതുക്കാനും ജീവിതത്തിന്റെ ദിശ തിരിച്ചുനോക്കാനും ഉള്ള ഒരു "ആന്തരിക വിളിയാണ്" ക്രിസ്തുമസ്. മനുഷ്യരാശിയുടെ ചരിത്രത്തിൽ ഏറ്റവും വലിയ പ്രത്യാശയായി കണക്കാക്കപ്പെടുന്ന "ദൈവത്തിന്റെ പുത്രൻ മനുഷ്യനായി വന്നു" എന്ന സംഭവത്തിന് പിന്നിൽ നമുക്ക് എന്താണ് പഠിക്കാനുള്ളത്? ഇന്നത്തെ ലോകത്ത് മനുഷ്യർ സാങ്കേതികവിദ്യയിലും ജീവിതസൗകര്യങ്ങളിലും വളർന്ന് കൊണ്ടിരിക്കുമ്പോഴും പരസ്പരമുള്ള സ്നേഹം കുറയുകയും ഒറ്റപ്പെട്ടുപോകലും സംഘർഷങ്ങളും യുദ്ധങ്ങളും വർദ്ധിക്കുകയും തന്മൂലം സമാധാന അന്തരീക്ഷം നഷ്ടമാകുകയും ചെയ്യുന്ന സാഹചര്യത്തിലൂടെയാണ് നാം കടന്നു പോകുന്നത്. അത്തരത്തിലുള്ള സമയത്താണ് ക്രിസ്തുമസ് വളരെ ശക്തമായ ഒരു "സന്ദേശം" നമ്മിൽ എത്തിക്കുന്നത്. ബൈബിൾ പറയുന്നു: "വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു" (യോഹ. 1:5) — ഇന്നത്തെ ഇരുണ്ട സാഹചര്യങ്ങളിലും യേശുവിന്റെ ജനനം പുതിയ വെളിച്ചമാണ്. അതുകൊണ്ട് ക്രിസ്തുമസിന്റെ യഥാർഥ അർത്ഥം ജീവിതത്തെ പുതുക്കുകയും ലോകത്തേക്കുള്ള നമ്മുടെ ദൗത്യം തിരിച്ചറിയുകയും ചെയ്യുന്നതാണ്.

**1. സ്നേഹത്തിന്റെ പുനർവായന**

ക്രിസ്തുമസ് നൽകുന്ന ഏറ്റവും വലിയ സന്ദേശം ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ്. യേശുവിന്റെ ജനനം ആഢംബരങ്ങളുടെ മദ്ധ്യേ നടന്നില്ല; മറിച്ച് ഏറ്റവും ലളിതമായ ഒരു കാലിത്തൊഴുത്തിൽ, സാധാരണക്കാരുടെ ഇടയിൽ, പശുക്കളുടെയും ഇടയരുടേയും കൂട്ടത്തിൽ ആയിരുന്നു. ഇതിലൂടെ ദൈവം സമ്പന്നനെയും ദരിദ്രനെയും, ശക്തനെയും ദുർബ്ബലനെയും ഒരുപോലെ സ്നേഹിക്കുന്നുവെന്ന സത്യം പ്രകടമാണ്. ബൈബിൾ പറയുന്നു: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹ. 3:16). എത്ര വലിയ സ്നേഹമാണ് ഇത് ! മനുഷ്യരെ മാറ്റത്തിന്റെ വഴിയിലേക്ക് നയിക്കാനുള്ള ഈ സ്നേഹത്തിന്റെ ഉണർവാണ് ക്രിസ്തുമസ്.

ഇന്നത്തെ സമൂഹത്തിൽ വ്യക്തിപരമായ താൽപര്യങ്ങളും സ്വാർത്ഥതകളും ഉയർന്നുനിൽക്കുമ്പോൾ മറ്റുള്ളവർ അനുഭവിക്കുന്ന വേദന മനസ്സിലാക്കാനുള്ള മനസ്സ് കുറയുകയാണ്. ക്രിസ്തുമസ് നമ്മോട് വീണ്ടും ചോദിക്കുന്നു: "നീ നൽകിയ സ്നേഹമാണ് ഏറ്റവും വലിയ സമ്മാനം; അത് എത്രത്തോളം നീ നിർവഹിക്കുന്നു?" യേശുവിന്റെ ജീവിതം നമ്മെ "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം" (യോഹ. 13:34) എന്ന സ്നേഹത്തിന്റെ കർമ്മപാഠമാണ് പഠിപ്പിക്കുന്നത്.

**2. പങ്കിടലിന്റെയും കരുണയുടെയും ശക്തി**

ക്രിസ്തുമസ് സമയം "സമ്മാനങ്ങളുടെ" കാലമാണെങ്കിലും, അതിന്റെ യഥാർത്ഥ അർത്ഥം പങ്കിടലും കരുണയും ആണ്. യേശുവിന്റെ ജീവിതം മുഴുവൻ കരുണയുടെയും സഹായത്തിന്റെയും ഉദാഹരണം തന്നെയായിരുന്നു. അദ്ദേഹം രോഗികളെ സുഖപ്പെടുത്തുകയും വിശപ്പുള്ളവരെ ഭക്ഷിപ്പിക്കുകയും ഒറ്റപ്പെട്ടവരോട് സ്നേഹം കാട്ടുകയും ചെയ്തു. ബൈബിളിൽ പറയുന്നു:"നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്" (എബ്രാ. 13:16), "യാഗത്തിലല്ല, കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നു." (മത്തായി 9:13). ക്രിസ്തുമസ് നമ്മോട് പറയുന്നു: ചെറിയൊരു സഹായം പോലും ഒരാളുടെ ജീവിതത്തിൽ വലിയ വെളിച്ചമാവാം. വേദനയിലായവരെ ആശ്വസിപ്പിക്കുക, രോഗികളെ സന്ദർശിക്കുക, ദരിദ്രരെ സഹായിക്കുക ഇവയാണ് ക്രിസ്തുമസിന്റെ യഥാർത്ഥ വികാരങ്ങൾ. ലോകം സ്നേഹവും സഹായവും ആവശ്യമുള്ള നിരവധി മനുഷ്യരാൽ നിറഞ്ഞിരിക്കുന്നു. നാം കൈതാങ്ങാകുമ്പോൾ ക്രിസ്തുമസിന്റെ വെളിച്ചം അവരുടെ ജീവിതത്തിലും നിറയും.

**3. കുടുംബബന്ധങ്ങളുടെ പുനഃസ്ഥാപനം**

ആധുനിക ജീവിതത്തിന്റെ തിരക്കുകളും ജോലിഭാരവും മൊബൈൽ സോഷ്യൽ മീഡിയ ലോകത്തിന്റെ വ്യാപ്തിയും മനുഷ്യനെ കുടുംബബന്ധങ്ങളിൽ നിന്ന് ക്രമേണ അകറ്റിക്കൊണ്ടിരിക്കുന്നു. ഒരിക്കൽ വീടുകളെ നിറച്ചിരുന്ന ചിരിയും സംഭാഷണങ്ങളും പങ്കുവെപ്പുകളും ഇന്ന് കുറയുകയാണ്. ക്രിസ്തുമസ് എന്നത് കുടുംബമായി ഒന്നിച്ചുകൂടി ബന്ധങ്ങളെ പുനഃസ്ഥാപിക്കുകയും സ്നേഹത്തെ പുതുക്കുകയുമുള്ള ഏറ്റവും അർത്ഥവത്തായ സമയമാണ്.

യേശുവിന്റെ ജനനവിവരത്തിൽ നാം കാണുന്ന തിരുക്കുടുംബം ഇന്ന് നമ്മോട് വളരെയധികം സംസാരിക്കുന്നു. ഒരു ലളിതമായ ഗോശാലയിൽ ആയിരുന്നു അവർ; പക്ഷേ അവർ തമ്മിലുള്ള സ്നേഹവും ഐക്യവും ആ ലളിത സ്ഥലത്തെയും സ്വർഗീയമാക്കി. യോസേഫ് ഒരു ഉത്തരവാദിത്തമുള്ള പിതാവിന്റെ പ്രതിരൂപമാണ്—മറിയത്തെയും യേശുവിനെയും സംരക്ഷിക്കാൻ ദൈവിക വിളി സ്വീകരിച്ച വ്യക്തി. യാത്രയുടെ കഷ്ടപ്പാടുകളിൽ അമ്മയും ശിശുവും സുരക്ഷിതരാകേണ്ടതിന്റെ ഭാരവും അദ്ദേഹം നിസ്വാർത്ഥമായി വഹിച്ചു. മറിയം മാതൃത്വത്തിന്റെ സമർപ്പണവും വിശ്വാസവും ഉൾക്കൊണ്ട മാതാവിന്റെ പ്രതീകവുമാണ്; ദൈവത്തിന്റെ വചനത്തെ 'അതെ' എന്നു പറഞ്ഞ് സ്വീകരിച്ച അവൾ അനിശ്ചിതത്വങ്ങളിലൂടെയും സമാധാനത്തോടെയും യേശുവിനെ വളർത്തി. ശിശുവായ യേശു കുടുംബത്തിൽ കൊണ്ടുവന്നത് സ്നേഹവും സമാധാനവും പ്രത്യാശയുമായിരുന്നു; ഒരു പുതിയ ജീവൻ ഒരു കുടുംബത്തെ എങ്ങനെ കൂടുതൽ ഒന്നിപ്പിക്കാം എന്നതിന്റെ സാക്ഷ്യവുമായിരുന്നു.

ബൈബിൾ നമ്മെ ഓർമ്മപ്പെടുത്തുന്നു: "സഹോദര പ്രീതിയിൽ തമ്മിൽ സ്ഥായി പൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ" (റോമർ 12:10). "നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ" (സങ്കീർത്തനം 122:7). ക്രിസ്തുമസ് ഈ സന്ദേശങ്ങൾ പുതുക്കിയാണ് നമ്മിലേക്കെത്തുന്നത്. പഴയ വിരോധങ്ങൾ മാറ്റി വച്ച് ക്ഷമിക്കുകയും തകർന്ന ബന്ധങ്ങളെ പുനഃസ്ഥാപിക്കുകയും ചെയ്യാൻ. കുടുംബം മനുഷ്യൻ ആശ്വസിക്കുന്ന ആദ്യ സ്ഥലം തന്നെയാണ്. അതിനെ സ്നേഹത്തിലും കരുത്തിലും ഐക്യത്തിലും ഉറപ്പുള്ളതാക്കേണ്ടത് ഓരോരുത്തരുടെയും ചുമതലയാണ്. യോസേഫിന്റെയും മറിയത്തിന്റെയും ശിശുവായ യേശുവിന്റെയും മാതൃകപോലെ നമ്മുടെ വീടുകളും സ്നേഹത്താൽ നിറഞ്ഞതും സമാധാനത്തോടെ വളർന്നു കൊണ്ടിരിക്കുന്നതുമായ ഇടങ്ങളാകട്ടെ.

**4. ലാളിത്യത്തിന്റെ പാഠം**

ക്രിസ്തുമസ് നമ്മെ പഠിപ്പിക്കുന്ന ഏറ്റവും ശക്തമായ പാഠങ്ങളിൽ ഒന്ന് ലാളിത്യമാണ്. ദൈവപുത്രന്റെ ജനനം ഒരു രാജകീയ കൊട്ടാരത്തിൽ അല്ല, മറിച്ച് ഇടയരുടെ കാലിത്തൊഴുത്തിലാണ്. മഹത്വം ആഡംബരത്തിൽ അല്ല; ആത്മാർത്ഥതയിലും ലാളിത്യത്തിലുമാണെന്ന് ഇതിലൂടെ ദൈവം നമ്മോട് പറയുന്നു. ബൈബിൾ പറയുന്നു:"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്" (മത്തായി 5:3). "നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കന്നല്ല, കർത്താവിനെന്നപോലെ മനസ്സോടെ ചെയ്‌വിൻ." (കൊലൊ. 3:23). ഉപഭോഗവല്കരണവും ആഢംബരമോഹവും നിയന്ത്രിക്കുന്ന ലോകത്തിൽ, യേശുവിന്റെ ജനനദൃശ്യം നമ്മോട് തിരിച്ചുപറയുന്നു — ലാളിത്യമാണ് ജീവിതത്തിന്റെ യഥാർത്ഥ സൗന്ദര്യം. ആഢംബരം നിമിഷനേരത്തെ സന്തോഷം മാത്രമേ നൽകൂ; പക്ഷേ ലാളിത്യത്തിലുള്ള ജീവിതം ഹൃദയത്തിൽ ശാന്തിയും കൃപയും കൊണ്ടുവരും.

**5. ഇന്നത്തെ ലോകത്തിനാവശ്യമുള്ള സമാധാനം**

യേശുവിന്റെ ജനനസമയത്ത് ദൂതൻ ഇടയരോട് പ്രഖ്യാപിച്ചതായി ബൈബിൾ പറയുന്നു:

"ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോ 2:14). ഇന്നത്തെ ലോകം അതേ വാക്കുകൾ സൂക്ഷ്മമായി ഓർത്തിരിക്കേണ്ട സമയമാണ് ഇത്. യുദ്ധങ്ങൾ, രാഷ്ട്രീയകലഹങ്ങൾ, കുടുംബവിഘടനങ്ങൾ, ബന്ധങ്ങളുടെ തകർച്ച, ആന്തരിക അസ്വസ്ഥത ഇവയൊക്കെ മനുഷ്യന്റെ ഹൃദയത്തിലെ സമാധാനക്കുറവിന്റെ ഫലമാണ്. സമാധാനം യുദ്ധമില്ലായ്മ മാത്രം അല്ല; മറിച്ച് മനസ്സിന്റെ ശാന്തത, ബന്ധങ്ങളിലെ ഐക്യം, സമൂഹത്തിൽ നീതി നിലനിൽക്കുക ഇവയൊക്കെയാണ് യഥാർത്ഥ സമാധാനം.

യേശു പറഞ്ഞത്: "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" (യോഹ. 14:27). ഈ സമാധാനം മനുഷ്യർ ഉണ്ടാക്കുന്ന ഒരു കരാറോ ഒരു ഉടമ്പടിയോ അല്ല; അത് മനസ്സിനെ മാറ്റുന്ന, ഹൃദയത്തെ ശാന്തമാക്കുന്ന ദൈവീക സമാധാനമാണ്. ഇന്നത്തെ മനുഷ്യർക്കു ഈ സമാധാനം അത്യാവശ്യമാണ്. വിദ്വേഷം മാറുമ്പോൾ, മനസ്സിലാക്കൽ ഉയരുമ്പോൾ, നീതി നടപ്പിലാകുമ്പോൾ, സമാധാനം സ്വയമേവ വന്നുചേരും. അതിനാൽ ക്രിസ്തുമസ് നമ്മെ സമാധാനത്തിന്റെ ദൂതന്മാരാകാൻ വിളിക്കുന്നു. തീരുമാനം എടുക്കുമ്പോൾ സഹജീവിയുടെ നന്മയും ലോകത്തിന്റെ ഭാവിയും കണക്കിലെടുക്കണം എന്ന് ക്രിസ്തുമസ് നമ്മെ ഓർമപ്പെടുത്തുന്നു. ക്രിസ്തുമസ് ഒരു ആഘോഷം മാത്രമല്ല; ആത്മീയ പുതുക്കലിനും ജീവിതമാറ്റത്തിനും വിളിക്കുന്ന ഒരു ദിവ്യാനുഭവം കൂടിയാണ്. ദൈവത്തിന്റെ വെളിച്ചം ഹൃദയങ്ങളിൽ തെളിയിക്കുന്ന സ്നേഹം, സമാധാനം, കരുണ, പങ്കിടൽ, ലാളിത്യം, കുടുംബബന്ധങ്ങളുടെ മഹത്വം തുടങ്ങിയ മൂല്യങ്ങൾ ഒരാൾ സ്വീകരിക്കുമ്പോൾ പോലും സമൂഹത്തെ മാറ്റാനുള്ള ശക്തി അതിലുണ്ട്. ഈ വെളിച്ചം വീട്ടിലേക്കും സമൂഹത്തിലേക്കും ലോകത്തിലേക്കും പകരുമ്പോൾ യേശുവിന്റെ ജനനത്തിന്റെ യഥാർത്ഥ അർത്ഥം നമ്മിൽ സാക്ഷാൽകരിക്കുന്നു. "ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" എന്ന ദിവ്യസന്ദേശം ക്രിസ്തുമസിന്റെ ഹൃദയമാണ്. ദൈവത്തിന്റെ പ്രസാദം നേടേണ്ടതല്ല, സ്വീകരിക്കേണ്ട കൃപയാണ്; അത് കരുണ, പങ്കിടൽ, ലാളിത്യം എന്നിവയിലൂടെയാണ് പ്രതിഫലിക്കുന്നത്. നാം സ്നേഹം വിതയ്ക്കുമ്പോഴും, ആശ്വാസം നൽകുമ്പോഴും, ദരിദ്രനെ സഹായിക്കുമ്പോഴും, ബന്ധങ്ങൾ പുനഃസ്ഥാപിക്കുമ്പോഴും ദൈവത്തിന്റെ സമാധാനം നമ്മുടെ വഴിയായി ലോകത്തേക്ക് ഒഴുകുന്നു. ദൈവത്തിന് പ്രസാദമുള്ള ജീവിതം നയിക്കുന്ന ഓരോരുത്തരും ഭൂമിയിലെ സമാധാനത്തിന്റെ വിത്തുകളാകുന്നു. ചെറിയ ഒരു വിത്ത് വൻമരമായി വളരുന്നതുപോലെ, ഒരു ഹൃദയത്തിൽ ആരംഭിക്കുന്ന നന്മ സമൂഹത്തെയും മനുഷ്യരെയും സ്പർശിക്കുന്നു. അതിനാൽ ക്രിസ്തുമസ് വിളക്കുകളിലോ അലങ്കാരങ്ങളിലോ മാത്രം ഒതുങ്ങുന്നില്ല; ദൈവത്തിന്റെ വെളിച്ചം മനുഷ്യരുടെ ഹൃദയങ്ങളിൽ തെളിയുന്നിടത്ത് ഓരോ ദിവസവും പുതുജന്മമായി അനുഭവപ്പെടുന്ന ഒരു ജീവശൈലിയാണ് ക്രിസ്തുമസ്. ബൈബിൾ പറയുന്നതുപോലെ, "ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസുകളെപ്പോലെ പ്രകാശിക്കുക" (ഫിലിപ്പി 2:15).



**സിസ്റ്റർ മേരി OSM**
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

# ഗ്രീഗോറിയൻ

**ഡിസംബർ – 2025**

**വൃശ്ചികം – ധനു : 1201**

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)

**ലക്കം : 12/2025**



**വെരി. റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. റോബിൻസ് ഡാനിയേൽ**
(സഹ. വികാരി)

**ശ്രീ. പ്രസാദ് ഫിലിപ്പ് വർഗ്ഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ. ബിജി കെ എബ്രഹാം**
(ഇടവക സെക്രട്ടറി)

**ശ്രീ. ജാസിൻ എം രാജു**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. മാത്യൂസ് ജോർജ്ജ്**
(ഇടവക പ്രതിനിധി)



പ്രസാധകർ
**ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയയ്ക്കേണ്ട വിലാസം
e-mail: gregorianshj@gmail.com


## Vicar's Message



Dearly beloved,
Greetings to you. By the abundant mercy of God, we are entering in to the last month of the year 2025. Let us remember the abundant mercy, providence and grace of the Almighty. During the first twenty five days, we are observing the lent and preparing ourselves to be the meaningful mangers to witness the Son of God, through out our life. I urge each one to bear Jesus Christ and manifest the true Christian life to the world. Christmas is not the decorations and arrangements as we are doing externally, it should be highlighted through our life itself as God loved us and be with Him. Emmanuel is God With Us. In this bulletin, I would like to draw your attention to the theme that God's power is revealed through powerlessness.

a) God's power is the power of love: In biblical understanding, power is God's free gift of grace and love. Paul reminds us "God did not give us a spirit of timidity, but rather a spirit of power and love"(2 Timothy 1:7). Power and love are intimately intertwined. God's power in Jesus Christ was one of self-emptying. Christ challenged human power with the cross; He overcame evil with the power of love. Love is at the heart of the gospel power. The gospel power is powerlessness. Christ healed and empowered us by carrying our sicknesses: "through his wounds we are healed"(1 Pet. 2:24). The cross, the supreme expression of powerlessness, became the concrete manifestation of God's power (1 Cor. 1:17-18, Rom.1:16, Phil. 3:10-11). Christ's KENOSIS (self emptying) is not an expression of weakness, but of self giving power; it is the power of love against the human love of power: "The power of God is made perfect is rediscovering the Church's weakeness"(2 Cor. 12:9). Indeed there is power in powerlessness: ''God's weakness is stronger than human strength"(1 Cor. 1:25). Paul says: "I am content with weakness..... for when I am weak, then I am strong"(2 Cor.12:10, 13:4). What a paradox! When God's love is at work, healing, empowering and transformation happen.

b) God's powerlessness is life generating : God's suffering in Christ became a life generating event, a source of healing. The message of the gospel is that God through Christ took the sting of death and robbed it of its power (1 Cor. 15:55-56). Therefore the power of the cross is life giving and not life destroying; through it the power of death has been subdued. God's powerlessness is His healing, empowering and transforming power. God's life-generating and life transforming power, the power of grace, becomes an existential reality through baptism, eucharist and ordination.

c) God's powerlessness is the church's source of empowering. God's power proclaimed by Jesus Christ is the rejection of the powers of this world and the manifestation of His grace and love is powerlessness. God's healing action in Christ empowers the powerless; it liberate and renews, humanizes and transforms. Christ, the powerful, made himself powerless in order to empower the powerless. The church remains powerful even in its powerlessness so long as it remains obedient to God's covenant with humanity through Christ. The church's prophetic struggle against violence and injustice is the church's empowerment by Christ. This empowerment is a living source of healing, transformation and also reconciliation.
Let us imbibe the true sense and spirit of Christmas in our life. Wish you all a peaceful and joyful Christmas and a prosperous New Year 2026.
May God Almighty bless us all.Yours in Christ

**Very Revd. Cor Episcopos Shaji George.**
**VICAR.**

# ക്രിസ്തുമസ് നമ്മെ എന്ത് പഠിപ്പിക്കുന്നു?





ക്രിസ്തുമസ് എന്നും ഒരു പുതുമയുടെ വിളിച്ചോതലാണ്. പഴമയുടെ തണുത്തുറഞ്ഞ ആ പാതിരാവിൽ നില്ക്കുമ്പോൾ എന്നും നമ്മിലേക്ക് പുതുമയുടേയും സമാധാനത്തിന്റെയും ഒരായിരം നന്മയുടെയും കണങ്ങൾ പൊഴിക്കുവാൻ ക്രിസ്തുമസ് ആവത് ശ്രമിക്കാറുണ്ട്. എന്നാൽ എന്നേയും നിന്നേയും ക്രിസ്തുമസ് ആഘോഷിക്കുവാൻ എന്താണ് പ്രേരിപ്പിക്കുന്നത്? ഈ മാറിമറിയുന്ന കമ്പോളമോ അതോ സമൂഹത്തിന്റെ സമ്മർദ്ദമോ? എന്തായാലും എല്ലാ ക്രിസ്തുമസിനും നമ്മുടെ ചുറ്റും ഈ നല്ല ദിവസത്തിന്റെ ആഘോഷങ്ങൾക്കും പൊലിമയ്ക്കുമായ് നാം ഒരുക്കി വെക്കാറുള്ള ചില കാര്യങ്ങൾ നമ്മോട് എന്തു പറയുന്നു എന്നു നോക്കാം..........

**1. ക്രിസ്തുമസ് നക്ഷത്രം**

നക്ഷത്രമില്ലാത്ത ഒരു ക്രിസ്തുമസിനേപ്പറ്റി നമ്മൾക്ക് ഓർക്കുവാനേ വൈയ്യാ. അല്ലേ? ചെറുതും വലുതുമായ ഒരുപാട് നക്ഷത്രങ്ങൾ നമ്മൾക്ക് ചുറ്റും പ്രകാശം പരത്തി തൂങ്ങി നിൽക്കുന്നു. ഓരോ വർഷവും പല വർണ്ണങ്ങളിൽ പല തരത്തിൽ നക്ഷത്രങ്ങൾ നാം കാണുന്നു. എന്നാൽ ഇതേ നക്ഷത്രം ആ ആദി ക്രിസ്തുമസിന് എന്തു ധർമ്മം നിറവേറ്റി എന്നു ചിന്തിക്കുക. ഈ ഭൂമിയിലുള്ള എല്ലാവർക്കും ക്രിസ്തുവിലേക്കെത്തുവാൻ തക്കവണ്ണം അത് ആകാശത്തിൽ അങ്ങനെ തലയുയർത്തിത്തന്നെ നിന്നു. തന്നെ പിന്തുടർന്നാൽ ലോകരക്ഷകനിലേക്കെത്താം എന്നൊരു വലിയ പാഠം അത് ലോകത്തിന് പകർന്ന് നൽകുന്നു. എന്താ കൂട്ടുകാരാ ഈ സമൂഹത്തിലുള്ള എന്റെയും നിങ്ങളുടേയും തലയുയർത്തിയുള്ള ആ നിൽപ്പ് മറ്റുള്ളവർക്ക് വഴി കാണിച്ചുകൊടുക്കുവാൻ ഉതകുന്നതാണോ? മറ്റുള്ളവരേ ക്രിസ്തുവിലേക്കെത്തിക്കുവാൻ പോന്നതാണോ? ആ നക്ഷത്രത്തെപ്പോലെ?

**2. ക്രിസ്തുമസ് ട്രീ**

ക്രിസ്തുമസ് ട്രീ ഒരുക്കുവാനാണ് നാം ഏറെ സമയവും പണവും ചിലവിടുന്നത്. ഒരുപാട് മരങ്ങൾക്ക് നടുവിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ നിന്ന ഒരു ചെറുമരം. ആ തണുത്ത രാത്രിയുടെ ഓർമ്മയ്ക്ക് നാം ആ ചെറു മരത്തെ വർണങ്ങളാൽ അലങ്കരിക്കുന്നു. പിന്നീട്, തന്നെ ദർശിക്കുന്നവരിലേക്ക് സന്തോഷത്തിന്റെ ഒരായിരം വർണ്ണങ്ങൾ വിതറി ആ മരം അങ്ങനെ അവിടെ നിൽക്കുന്നു. തന്റെ ചുറ്റുമുള്ള അന്ധകാരത്തെ തന്നാലാവുന്ന വിധം നീക്കം ചെയ്യുവാൻ അത് ശ്രമിക്കുന്നു. എന്താ പ്രിയമുള്ളവരേ ഈ സമൂഹത്തിലുള്ള എന്റെയും നിങ്ങളുടേയും ജീവിതവും നിലപാടുകളും മറ്റുള്ളവർക്ക് സന്തോഷം പകരുന്നതും ഈ സമൂഹത്തിലെ അന്ധകാരത്തെ നീക്കുന്നതും ആണോ?

**3. സാന്താക്ലോസ്**

ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ കുട്ടികൾക്ക് മനസ്സിലേക്ക് ഓടി എത്തുന്നത് സാന്താക്ലോസിന്റെ ചിത്രമാണ്. ആർക്കും വേണ്ടാത്തവർക്ക് , ആരാലും ശ്രദ്ധിക്കപ്പെടാത്തവർക്ക് , ഒരുപാട് വിഷമങ്ങൾക്ക് നടുവിൽപ്പെട്ട്, സന്തോഷം എന്തെന്ന് മറന്നു പോയവരേ തേടി സാന്താ വരും. തന്റെ ഭാണ്ടത്തിൽ നിന്ന് അരുമറിയാതെ അവർക്ക് സമ്മാനങ്ങൾ നൽകിയിട്ട് അവൻ പൊയ്ക്കളയും. എന്താ പ്രിയമുള്ളവരേ സമൂഹത്തിലേ തഴയപ്പെട്ടവർക്ക് നമ്മുടെ സമൃദ്ധിയുടെ ഒരംശമെങ്കിലും ആരുമാറിയാതെ നീക്കി വെക്കുവാൻ സാന്താക്ലോസിനെപ്പോലെ ഈ ക്രിസ്തുമസിനെങ്കിലും നമ്മൾക്കാവുമോ?

**4. ക്രിസ്തുമസ് കരോൾ**

ക്രിസ്തുമസിന് നാളുകൾക്ക് മുമ്പേ ക്രിസ്തുമസ് കരോൾ വരും. ഓരോ വർഷവും പുതിയ പാട്ടുകളും ഒക്കെ ആയി. എല്ലാ ഭവനങ്ങളിലും അവർ സന്ദർശിക്കും. വർഗ്ഗ വർണ്ണ വ്യത്യാസമന്യേ എല്ലാവർക്കും നന്മയുടെ സുവാർത്ത നൽകി പുതുമയുടെ പുത്തൻ പ്രഭാതത്തിലേക്കുള്ള സുവിശേഷം ഘോഷിച്ച് ആ ഗായകസംഘം അങ്ങനെ മെല്ലെ നീങ്ങും. ആ ആദ്യത്തെ ക്രിസ്തുമസ്സിന് ഇത് നിറവേറ്റിയത് സ്വർഗ്ഗീയ മാലാഖമാർ ആണെന്ന് ഓർക്കണം. എന്നാൽ ഇന്ന് നാം ഒരോരുത്തരുമാണ് ഇത് നിർവ്വഹിക്കുന്നത്. നമ്മുടെ ജീവിതം സമൂഹത്തിലേ വ്യത്യാസങ്ങൾക്കപ്പുറത്ത് മാനവജാതിക്ക് മുഴുവൻ നന്മയുടെ സുവിശേഷം പകരുന്നതും രക്ഷയുടേയും പുതുമയുടേയും പുത്തൻ പ്രഭാതത്തിലേക്ക് നയിക്കുന്നതും ആണോ?

**5. കാലിത്തൊഴുത്ത്**

ക്രിസ്തു വന്നത് ഈ ഭൂമിയിലുള്ള എല്ലാവർക്കും സന്തോഷവും രക്ഷയും നൽകുവാനാണ്. എന്നാൽ ഇവിടെ അവന് പിറക്കുവാൻ ഒരൽപം സ്ഥലം നല്കുവാൻ ആർക്കുമില്ല. അവനെ ഉൾക്കൊള്ളുവാൻ തക്ക വലിപ്പം പോരാഞ്ഞിട്ടാവും എല്ലാവരും അവനെയും അവന്റെ മാതാവിനേയും വളർത്തച്ഛനേയും ആ തണുത്ത രാവിൽ കൈയ്യൊഴിഞ്ഞത് . ഒടുവിൽ ഒരുപറ്റം മിണ്ടാപ്രാണികളുടെ നടുവിൽ ഒരൽപം സ്ഥലം അവർ കണ്ടെത്തി. ആ കാലിത്തൊഴുത്തിലേക്കൊന്നു നോക്കൂ. എന്താണ് അതിന് നമ്മോട് പറയുവാനുള്ളത്? ആ നാറുന്ന കാലിത്തൊഴുത്ത് എന്റെയും നിങ്ങളുടേയും ജീവിതം തന്നെയല്ലേ? അല്പം മൃഗീയതയും അതിലേറേ, മറച്ചുവെക്കാനാവാത്തതും ദുർഗന്ധം വമിപ്പിക്കുന്നതുമായ ചില യാഥാർത്ഥ്യങ്ങളുമായ് അത് അങ്ങനെ തന്നെ നില്ക്കുന്നില്ലേ? ഇതൊക്കെയാണെങ്കിലും, ആ രക്ഷകന് പിറക്കുവാൻ ഒരല്പം സ്ഥലം ആ കാലിത്തൊഴുത്ത് നല്കി. എന്തേ സുഹൃത്തേ രക്ഷയുടെ ആ പുതിയ പുൽക്കൊടിക്ക് നമ്മുടെ ജീവിതത്തിൽ പിറവിയെടുക്കുവാൻ ഇനിയും കാത്തിരിക്കേണ്ടിവരുന്നത്? എന്നാണ് അവനായ് ഒരല്പം സ്ഥലം നീക്കിവെക്കുവാൻ നാം പഠിക്കുക?

**6. മൂന്ന് വിദ്വാന്മാർ**

കിഴക്ക് നിന്നെത്തിയ ആ മൂന്ന് വിദ്വാന്മാർ അവനായ് കാഴ്ചകൾ കൊണ്ടുവന്നു. നന്നേ അവർ കഷ്ടപ്പെട്ടിരുന്നു. പല ഇടത്തും തിരഞ്ഞു. ഒടുവിൽ അവനെ നമസ്ക്കരിച്ച് മാലാഖ പറഞ്ഞത് അനുസരിച്ച് വേറേ വഴിയായ് സ്വദേശത്തേക്ക് തിരികെപ്പോയ്. നമ്മിലുള്ള ഞാൻ എന്ന ഭാവവും, നമ്മുടെ അറിവിന്റെ അഹങ്കാരവും, നമ്മുടെ സമ്പൽസമൃദ്ധമായ ആ കുല മഹിമയും ഒക്കെ ആകുന്ന ആ വിദ്വാന്മാരേ അവന്റെ സന്നിദ്ധിയിൽ ഒരല്പം താഴ്ത്തി രക്ഷയുടെ നിലനില്പ്പിനാവശ്യമായ വേറേ വഴിയിലൂടെ ഇനിയെങ്കിലും ഒന്ന് മാറി സഞ്ചരിക്കുവാൻ എന്നാണ് നാം പഠിക്കുക?

**7. വളർത്തച്ഛനായ ജോസഫ്**

നീതിമാൻ എന്ന പേരിനർഹൻ. അർഹതപ്പെട്ടവർക്കെല്ലാം അവരവരുടെ അർഹമായ പങ്ക് നല്കുവാൻ അവൻ ശ്രമിച്ചു. ഒരു ദേവാലയം കണക്ക് സമൂഹമദ്ധ്യേ സമാധാനത്തിന്റെ ഗോപുരമായിരുന്നവൻ. തന്നിലേക്കെത്തിയവർക്കെല്ലാം അവൻ ആ സ്വർഗ്ഗീയ സന്തോഷം പകുത്ത് നല്കി. ഒരു ഇടത്ത് പോലും സ്വന്തം ഇഷ്ടം നോക്കിയില്ല. എല്ലാം ദൈവയിഷ്ടം പോലെ ചെയ്യുവാൻ അദ്ദേഹം ശ്രദ്ധിച്ചു. എന്താ സഹോദരാ നമ്മിലേക്കെത്തുന്നവർക്ക് ഒരല്പം സമാധാനം നല്കുവാൻ, ആശ്രയത്തിന്റെ ഒരു ചെറു കരം നീട്ടുവാൻ എന്നാണ് പരി. യൌസേപ്പ് പിതാവിനെപ്പോലെ നമ്മൾക്കാവുക ?

**8. വി. കന്യാമറിയം**

ഈ ഭൂമിയിൽ ദൈവകൃപ ലഭിച്ചവൾ. നമ്മുടെ കർത്താവിന്റെ അമ്മ. തനിക്ക് ഉയരുവാനും പുകഴുവാനും ഒരുപാട് അവസരങ്ങളുണ്ടായിട്ടും അവിടെയെല്ലാം താഴ്മ ധരികുവാൻ സ്വയം വിനയപ്പെടുത്തിയവൾ. തന്റെ ജീവിതത്തിലെ മുഴുവൻ പ്രയാസങ്ങൾക്കും, അലച്ചിലുകൾക്കും ഒടുവിൽ ഈ സമൂഹത്തിന് ഒരു ക്രിസ്തുവിനെ കൊടുക്കുവാൻ അവൾക്കായി . എന്നാൽ നമ്മൾക്കോ? ഓരോ ചെറിയ പ്രയാസങ്ങളും നാം പരിഭവം കൊണ്ട് നിറയ്ക്കുന്നു. എന്റെയും നിങ്ങളുടേയും പ്രശ്നങ്ങൾക്കൊടുവിൽ രക്ഷയുടെ ഒരു പുൽനാമ്പ് അവശേഷിപ്പിക്കുവാൻ, ഈ സമൂഹത്തിന് ഒരു ക്രിസ്താനുഭവം കൊടുക്കുവാൻ പരി. അമ്മ മറിയത്തെപ്പോലെ എന്തേ നമ്മൾക്കാവാത്തത്?

**9. ക്രിസ്തു**

ദൈവത്തിന്റെ ഏകജാതനായ പുത്രൻ തമ്പുരാൻ.<br>
ജഡം ധരിച്ച വചനം.<br>
ലോക രക്ഷകൻ.<br>
നന്മയുടെ ശ്രീഭണ്ഡാരം.<br>
ആരുമില്ലാത്തവരുടെ അത്താണി.<br>
താഴ്മയുടെ മകുടോദാഹരണം.<br>
നന്മയുടേയും പുതുമയുടേയും സുവിശേഷം..

എന്നാണ് ഈ സമൂഹത്തിൽ ക്രിസ്തുവിന്റെ ജീവിക്കുന്ന അടയാളങ്ങളാവാൻ അങ്ങനെ ക്രിസ്തുമസിന്റെ ആശയം നമ്മുടെ ജീവിതത്തിലൂടെ പൂർണ്ണമായി മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുവാൻ നമ്മൾ പഠിക്കുക?

**ഒരായിരം ക്രിസ്തുമസ്, പുതുവത്സര ആശംസകളുമായി.........**

**Rev. Fr. Robins Daniel**

## കോനൂൻക്ദീം – ഡിസംബർ

1. ഇരുപത്തഞ്ച് നോമ്പ് (യൽദോ നോമ്പ്) ആരംഭം.
3. തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 53-ാം ഓർമ്മ. (പത്തനാപുരം താബോർ ദയറാ).
4. സഹദാ സ്ത്രീകളായ മർത്ത് ബർബാറായുടെയും, മർത്ത് യൂലിയാനായുടെയും ഓർമ്മ.
6. മൂറായുടെ എപ്പിസ്കോപ്പാ ആയ നിക്കലാവോസ് എന്ന മാർ സോഖേയുടെ ഓർമ്മ.
7. **മാർ യൂഹാനോൻ മാംദാനായുടെ ജനനത്തിന്റെ ഞായർ** – ബാലദിനം.
   മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം.
8. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 50-ാം ഓർമ്മ. (ദേവലോകം കാതോലിക്കേറ്റ് അരമന).
9. മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ 13-ാം ഓർമ്മ. (വളയംചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി).
10. മാർ ബഹനാം സഹദായുടെയും, സഹോദരി സാറായുടെയും, സഹദേൻമാരുടെയും, മാബൂഗിലെ മാർ ഫീലക്സീനോസിന്റെയും ഓർമ്മ.
13. ദാനിയേൽ മാർ ഫീലക്സീനോസ് മെത്രാപ്പോലീത്തായുടെ 35-ാം ഓർമ്മ. (പത്തനംതിട്ട ബേസിൽ അരമന).
14. **മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായർ.**
17. പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 97-ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടു ദയറാ).
18. വി. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മ.
20. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. **ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായർ.** (വംശാവലി ഞായർ).
    വി. മാർതോമ്മാ ശ്ലീഹാ രക്തസാക്ഷിമരണം പ്രാപിച്ചതിന്റെ ഓർമ്മ.
25. **യൽദോ പെരുന്നാൾ. (കർത്താവിന്റെ ജനനപ്പെരുന്നാൾ) – ക്രിസ്തുമസ്.**
    ഇരുപത്തഞ്ച് നോമ്പ് (യൽദോ നോമ്പ്) വീടൽ.
26. **വി. ദൈവമാതാവിന്റ പുകഴ്ച പെരുന്നാൾ.**
    യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 39-ാം ഓർമ്മ. (കൊരട്ടി സീയോൻ സെമിനാരി).
27. ശിശുവധ പെരുന്നാൾ. (ശിശുസഹദേന്മാരുടെ ഓർമ്മ).
28. **ജനനപ്പെരുന്നാളിന് ശേഷം ഒന്നാം ഞായർ.**

# Orthodox Medical Forum

## Cancer Awareness: Caring for God's Gift of Life

"Do you not know that your bodies are temples of the Holy Spirit…? Therefore honor God with your bodies." — 1 Corinthians 6:19–20

### Understanding Cancer

Cancer is not one single disease, but a group of diseases in which cells grow and divide uncontrollably. These abnormal cells may form lumps, invade nearby tissues, or spread to other parts of the body.

- Cancer can affect people of all ages.
- With medical advances, many people today survive cancer and live healthy lives.
- Awareness, prevention, and early detection are our strongest defenses.

### Common Types of Cancer

- Breast Cancer – Often found through self-checks, mammograms, and clinical exams.
- Prostate Cancer – Common in men, especially after age 50; often detected with simple screenings.
- Lung Cancer – The leading cause of cancer deaths; most cases linked to smoking.
- Colon & Rectal Cancer – Often preventable through healthy diet and screenings like colonoscopies.
- Skin Cancer – The most common type; linked to excess sun or tanning bed use.
- Cervical Cancer – Preventable with Pap tests and HPV vaccines.

### Warning Signs Not to Ignore

While many symptoms may have other causes, see a doctor if you notice:

- A lump or swelling that doesn't go away
- Sudden unexplained weight loss or fatigue
- Persistent cough, hoarseness, or breathing problems
- A sore that doesn't heal, or changes in a mole or skin spot
- Unusual bleeding, discharge, or pain
- Long-lasting changes in bowel or bladder habits

Early detection saves lives. Many cancers can be treated effectively if found early.

### Prevention and Healthy Living

Caring for our bodies is a way to honor the life God has given us. Choices we make daily can lower cancer risk:

- Healthy Eating: Fill your plate with fruits, vegetables, and whole grains.
- Stay Active: At least 30 minutes of activity most days of the week.
- Maintain Healthy Weight: Reduces the risk of several cancers.
- Avoid Tobacco: Cigarettes, cigars, chewing tobacco, and vaping all cause harm.
- Limit Alcohol: Less is best for reducing cancer risk.
- Protect Your Skin: Use sunscreen, wear protective clothing, and avoid tanning beds.
- Screen Regularly: Tests like mammograms, Pap smears, colonoscopies, and prostate exams can find cancer early.

### Our Role as a Church Family

Cancer does not just affect the body — it affects the heart, mind, and spirit. As the people of God, we are called to walk beside those who face this battle.

- Encourage one another: Remind friends and family to get checkups and screenings.
- Support one another: Provide meals, rides to appointments, and a listening ear.
- Pray without ceasing: Pray for healing, strength, wisdom for doctors, and peace for families.
- Offer hope: Share the promise that God never leaves us, even in sickness (Isaiah 41:10).

### Final Word of Hope

Cancer is a heavy word, but it is not greater than God's love. With knowledge, faith, and community, we can face this challenge with courage.

"Beloved, I pray that you may prosper in every way and be in good health, just as your soul prospers." — 3 John 1:2

Let us honor God by caring for our health, encouraging one another, and holding fast to the hope we have in Christ.

**Dr Roshan Koshy Jacob**
**Consultant Medical Oncologist**
**NMC Royal Hospital Sharjah**

## 2025 ഡിസംബർ മാസം - ഒറ്റനോട്ടത്തിൽ

1 സന്ധ്യാ നമസ്കാരം
2 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
3 ഉപവാസ പ്രാർത്ഥന , സന്ധ്യാ നമസ്കാരം/ CHRISTMAS CAROL - BEGINS
4 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
5. സന്ധ്യാ നമസ്കാരം , വിശുദ്ധ കുർബ്ബാന
6 വിശുദ്ധ കുർബ്ബാന , സന്ധ്യാ നമസ്കാരം
7 വിശുദ്ധ കുർബ്ബാന
8 സന്ധ്യാ നമസ്കാരം
9 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
10 ഉപവാസ പ്രാർത്ഥന , സന്ധ്യാ നമസ്കാരം
11 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
12 സന്ധ്യാ നമസ്കാരം , വിശുദ്ധ കുർബ്ബാന
13 വിശുദ്ധ കുർബ്ബാന , സന്ധ്യ നമസ്കാരം
14 വിശുദ്ധ കുർബ്ബാന , H.H BASELIOS AUGEN I 50TH MEMORY
15 സന്ധ്യാ നമസ്കാരം
16 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
17 ഉപവാസ പ്രാർത്ഥന , സന്ധ്യാ നമസ്കാരം
18 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
19 സന്ധ്യാ നമസ്കാരം , വിശുദ്ധ കുർബ്ബാന
20 വിശുദ്ധ കുർബ്ബാന , സന്ധ്യാ നമസ്കാരം
21 വിശുദ്ധ കുർബ്ബാന - H.H BASELIOS GEEVARGHESE I 97TH MEMORY/ MARTYRDOM OF ST THOMAS (APOSTLE OF INDIA)
22 സന്ധ്യാ നമസ്കാരം
23 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
24 ഉപവാസ പ്രാർത്ഥന, സന്ധ്യാ നമസ്കാരം, എൽദോ പെരുന്നാൾ , വിശുദ്ധ കുർബ്ബാന
25 CHRISTMAS - സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
26 സന്ധ്യാ നമസ്കാരം , വിശുദ്ധ കുർബ്ബാന
27 വിശുദ്ധ കുർബ്ബാന , സന്ധ്യാ നമസ്കാരം
28 വിശുദ്ധ കുർബ്ബാന , നക്ഷത്ര രാവ് 2025, ഇടവക ദിനം, ആദ്ധ്യാത്മിയ സംഘടനകളുടെ വാർഷികം.
29 സന്ധ്യാ നമസ്കാരം
30 സന്ധ്യാ നമസ്കാരം , മദ്ധ്യസ്ഥ പ്രാർത്ഥന
31 ഉപവാസ പ്രാർത്ഥന,സന്ധ്യാ നമസ്കാരം , വിശുദ്ധ കുർബ്ബാന , HANDING OVER VIGIL PRAYER

# OCYM

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുഎഇ സോണൽ തലത്തിൽ ദുബായ് സെന്റ്തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്ന നാടക മത്സരത്തിൽ യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റ് രണ്ടാം സ്ഥാനം നേടി. മികച്ച നടിക്കുള്ള പുരസ്കാരം Ms. സോമി സന്തോഷ് , സ്പെഷ്യൽ ജൂറി പുരസ്കാരം മാസ്റ്റർ മാർക്കോസ് കുര്യൻ എന്നിവർ കരസ്ഥമാക്കുകയും ചെയ്തു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യുഎഇ സോണൽ വാർഷിക കോൺഫറൻസിൽ ഷാർജ യൂണിറ്റിൽ നിന്നും പങ്കെടുത്ത അംഗങ്ങൾ.




ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യു.എ.ഇ മേഖലയുടെ ആഭിമുഖ്യത്തിൽ മരുഭൂമിയിലെ പരുമലയായ ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട സി.പി ചാണ്ടി മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ആരാധനഗീത കരോൾ ഗാന മത്സരത്തിൽ (മസ്മൂർ 2025) ദുബായ് യൂണിറ്റ് ഒന്നാം സ്ഥാനവും റാസൽഖൈമ യൂണിറ്റ് രണ്ടാം സ്ഥാനവും അബുദാബി യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായവരെയും പങ്കെടുത്തവരെയും അനുമോദിച്ചു.



ഒന്നാം സ്ഥാനം - ദുബായ് യൂണിറ്റ്



രണ്ടാം സ്ഥാനം - റാസൽഖൈമ യൂണിറ്റ്



മൂന്നാം സ്ഥാനം - അബുദാബി യൂണിറ്റ്

യുവജനപ്രസ്ഥാനം റെഗുലർ മീറ്റിംഗ് ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്.

മലങ്കരയുടെ മഹാ പരിശുദ്ധനായ പരുമല തിരുമേനിയുടെ 123ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഷാർജ സെൻറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ നിന്ന് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം 28ന് ആരംഭിച്ച രണ്ടാമത് പരുമല പദയാത്ര നവംബർ 2 ന് പരുമലയിൽ എത്തിച്ചേർന്നു. സെമിനാരി മാനേജർ ബഹുമാനപ്പെട്ട എൽദോസ് ഏലിയാസ് അച്ചന്റെ നേതൃത്വത്തിൽ പദയാത്രയെ സ്വീകരിച്ചു. ദേവാലയത്തിൽ പ്രവേശിച്ച് ധൂപ പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം പദയാത്ര അവസാനിച്ചു.



# SUNDAY SCHOOL ANNOUNCEMENTS

1) SS all Grades final Exams are over on 30th Nov. except Class-10 & Class -12.

2) The OKR Final Board Exam for Class-10 and Class-12 will be on Sunday 7th Dec. @ 12.30Noon ( IST 2.00pm) All registered students must report to church @11.45am for exam seating arrangements. All must bring fully charged, smart phone with mob.data for login the Exam App.

3) Sunday School will be on Annual holiday in December.

# MGOCSM



MGOCSM Sharjah unit at Zonal Conference "Faith in One" at St.George Orthodox Cathedral, Abu Dhabi on 22nd November

# MARTH MARIYAM VANITHASAMAJAM

മർത്ത്മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് ഡിസംബർ 14 & 28 തീയതികളിലും, മെഡിക്കൽ സെൽ ഡിസംബർ 7 & 21 തീയതികളിലും നടത്തപ്പെടുന്നതായിരിക്കും.



MMVS Central Examination 2024 and In-house Competition2025
വിജയികൾക്ക് ട്രോഫി നൽകി.

# ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയം. - ഇടവക പെരുന്നാൾ











## നോമ്പ്

"ക്രിസ്തീയ സമൂഹത്തിന്റെ സംരക്ഷണത്തിനും ആത്മീയ വളർച്ചക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ചു ദൈവ മുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്. നോമ്പ് ദിവസങ്ങളിൽ മൽസ്യമാംസ വർജ്ജനം മാത്രമല്ല ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യ വരെയോ, സാധ്യമല്ലെങ്കിൽ മൂന്നു മണി വരെയോ ഉപവസിക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായാർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ. സഭയുടെ പാരമ്പര്യമനുസ്സരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ളതാണ്. അത് കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പോസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു: 'ഏതെങ്കിലും ഒരു എപ്പിസ്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറുയോ, മെസ്മെറോനോയോ ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ച്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ച) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീര രോഗം മൂലമല്ലെങ്കിൽ, അയാളെ സ്ഥാനത്തു നിന്നും നീക്കണം. അല്മായക്കാരനാണെങ്കിൽ മുടക്കണം."

**ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്**
(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക,
മെയ് ജൂലായ്, 1988)

كنيسة القديس جريجوريوس الأرثوذكسية
**ST. GREGORIOS ORTHODOX CHURCH**
P.O. Box : 2229, Sharjah - U.A.E.

### അപേക്ഷകൾ ക്ഷണിക്കുന്നു

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ 'കെയർടേക്കർ' ആയി ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന, താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയരായിട്ടുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ 2026 ജനുവരി മാസം 15-ാം തീയതിക്കു മുമ്പായി താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്.

നിബന്ധനകൾ:

1. അപേക്ഷകൻ മലങ്കര ഓർത്തഡോക്സ് സഭാ അംഗവും, സത്സ്വഭാവിയും ആയിരിക്കണം.
2. കുറഞ്ഞത് 7 വർഷം വി. മദ്ബഹായിൽ ശുശ്രൂഷ ചെയ്ത് കൊണ്ടിരിക്കുന്നവരും, വി. മദ്ബഹായിലെ രീതികളെപ്പറ്റിയും, വി. കൂദാശകളും അതിന്റെ ക്രമീകരണങ്ങളെപ്പറ്റിയും അറിവുള്ളവരും ആയിരിക്കണം.
3. മേൽ ചേർത്ത 1, 2 വിഷയങ്ങളെ പറ്റിയുള്ള ഒരു സാക്ഷ്യപത്രം അപേക്ഷകന്റെ ഇടവക വികാരിയിൽ നിന്നും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
4. അപേക്ഷകന് 30 നും 45 നും മദ്ധ്യേ പ്രായവും, കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 12-ാം ക്ലാസ്സ് പാസ്സ് ആയിരിക്കേണ്ടതാണ്. അപേക്ഷകന്റെ പാസ്സ്പോർട്ട് കോപ്പി അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
5. അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത, വയസ്സ്, കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി ഇവ ബോധ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
6. സെലക്റ്റ് ചെയ്യുന്നപക്ഷം, വിവരം അപേക്ഷകനെ നേരിട്ട് അറിയിക്കുകയും, ആവശ്യമുള്ള പക്ഷം അപേക്ഷകന്റെ SSLC സർട്ടിഫിക്കറ്റ് യു.എ.ഇ. എംബസ്സിയിൽ നിന്നും അറ്റസ്റ്റ് ചെയ്ത് തരേണ്ടതുമാണ്.
7. അപേക്ഷയോടൊപ്പം ഏതെങ്കിലും തരത്തിലുള്ള ശുപാർശ കത്തുകളും, അപേക്ഷ അയച്ചതിനു ശേഷമുള്ള കത്തിടപാടുകളും അപേക്ഷ പരിഗണിക്കാതിരിക്കാനുള്ള കാരണങ്ങൾ ആയിരിക്കുന്നതാണ്.
8. കെയർടേക്കറുടെ സേവനകാലാവധി 2026 ഫെബ്രുവരി ഒന്നു മുതൽ ആരംഭിച്ച് മൂന്ന് വർഷം ആയിരിക്കുന്നതും, ഷാർജ ഇടവക ബൈലോ അനുശാസിക്കുന്ന എല്ലാ ആനുകൂല്യങ്ങളും യഥാ സമയം ലഭിക്കുന്നതുമാണ്. ഈ വിഷയത്തെപ്പറ്റിയുള്ള ഷാർജ ഇടവകയുടെ പൊതുയോഗ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്.
9. കവറിനു മുകളിൽ "Application for the Post of Caretaker" എന്ന് എഴുതിയിരിക്കണം.

അപേക്ഷ അയക്കേണ്ട വിലാസം
The Vicar, P.O. Box: 2229, Sharjah, U.A.E.
www.gulfparumala.com, gulfparumala@gmail.com

## ഭരണഘടന: ഭാരതത്തിന്റെ ജീവനും, ആത്മാവും

**പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

ഭാരതമെന്ന മഹാരാജ്യത്തിന്റെ ജീവനും ആത്മാവും കുടികൊള്ളുന്നത് നാം അടിയുറച്ച് വിശ്വസിക്കുന്ന ഭരണഘടനയിലാണ്. നീതിയും, സ്വാതന്ത്ര്യവും, സമത്വവും, സാഹോദര്യവും പ്രദാനം ചെയ്യുന്ന അടിസ്ഥാനശിലയാണ് ഭരണഘടന. രാജ്യം ഭരണഘടനയുടെ 75ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസായി നിയമിതനായ ബഹുമാനപ്പെട്ട സൂര്യകാന്തിന്റെ വാക്കുകളും ശ്രദ്ധേയമാണ്. ജാതിയുടെ പേരിൽ സമൂഹം വിഭജിക്കപ്പെടരുതെന്ന അദ്ദേഹത്തിന്റെ അഭിപ്രായം രാവിലെ വായിക്കുവാൻ ഇടയായി. വസുധൈവ കുടുംബകം എന്ന മാനവീയമായ ആശയത്തിൽ നിന്നുള്ള ദർശനമാണ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

ഭരണഘടന ഭാരതത്തിന്റെ നിലനിൽപ്പിനെയും, സ്വാതന്ത്ര്യത്തെയും, സ്വയം ശീർഷകത്തെയും എത്തരത്തിൽ സംരക്ഷിക്കുന്നുവോ അതേ അർത്ഥത്തിലാണ് 1934-ലെ മലങ്കരസഭാ ഭരണഘടന സഭയുടെ സ്വാതന്ത്ര്യത്തിന് വഴിവിളക്കാകുന്നത്. ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെടുന്നതിനും വർഷങ്ങൾക്ക് മുൻപ് പരിശുദ്ധ സഭയുടെ പിതാക്കൻമാർ മലങ്കരസഭാ ഭരണഘടനയ്ക്ക് രൂപം നൽകി. രാജ്യം ഭരണഘടനാ ദിനമായി ആചരിക്കുന്ന ഈ മഹനീയ വേളയിൽ ഭാരതീയരായ നാം ഏവർക്കും അഭിമാനിക്കാം. നമ്മുടെ രാജ്യം നമ്മുടെ അഭിമാനം.

# UAE NATIONAL DAY FLAG HOISTING









"Wishing you a blessed Christmas and a New Year filled with His Grace."

## CHRISTMAS SERVICE & HOLY QURBANA

**24th December 2025 (Wednesday) from 6:30 pm onwards**

## NEW YEAR SERVICE, HOLY QURBANA & VIGIL

**31st December 2025 (Wednesday) from 7:00 pm onwards**

ക്രിസ്തുമസ്
പുതുവത്സര ആശംസകൾ.

Private Circulation Only